## പതിനാലാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 2965 — 18.06.2018 -ൽ മറുപടിയ്ക്ക്

### ഇന്നവേറ്റീവ് ഭവനപദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.പി.കെ.ബഷീർ :** | **ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്ക് നഗരത്തിൽ താമസ സൗകര്യം ഒരുക്കുന്നതിനായി ഇന്നവേറ്റീവ് ഭവന പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നിലവിലുണ്ടോ; | (എ) സംസ്ഥാനത്ത് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്ക് നഗരത്തിൽ താമസസൗകര്യം ഒരുക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ വാടകയ്ക്ക് ലഭ്യമാക്കുന്ന ഇന്നവേറ്റീവ് ഭവന പദ്ധതി ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കിയിരുന്നു. 2015-16 മുതൽ ഈ സ്കീമിന്റെ കീഴിൽ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നില്ല. |
| (ബി) എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതിയിൻ കീഴിൽ നാളിതുവരെയായി എത്ര ഫ്ലാറ്റ് സമുച്ചയങ്ങളുടെ പണി പൂർത്തിയായിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) നഗര പ്രദേശങ്ങളിൽ ജോലി ചെയ്യുകയും എന്നാൽ നഗരത്തിൽ നിന്നും വളരെ ദൂരത്തായി താമസിക്കുവാൻ നിർബന്ധിതരാവുകയും ചെയ്യുന്ന വളരെ പാവപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്ക് നഗരത്തിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നൽകുന്നതിനുള്ള ഇന്നവേറ്റീവ് ഭവന പദ്ധതി ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയിൽ തിരുവനന്തപുരം നഗരത്തിൽ 88 ഫ്ലാറ്റുകളും എറണാകുളത്ത് 36 ഫ്ലാറ്റുകളും തൃശ്ശൂരിൽ 72 ഫ്ലാറ്റുകളും കോഴിക്കോട് 40 ഫ്ലാറ്റുകളും (ആകെ 236 ഫ്ലാറ്റുകൾ) നിർമ്മിച്ചിട്ടുണ്ട്. |

(സി) ഇന്നവേറ്റീവ് ഭവനപദ്ധതിയിൻ കീഴിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ആരാണ്; ആയതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

(സി) 18/12/2012 -ലെ ജി.ഒ(ആർ.റ്റി)നം. 87/12/ഭവനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയ 'Articles of Management of Innovative Housing Scheme 2012' ൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമാണ് ഇന്നവേറ്റീവ് ഭവന പദ്ധതിയിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. നഗരത്തിന് പുറത്തു നിന്നും വന്ന് നഗരത്തിൽ പണിയെടുക്കുന്ന പാവപ്പെട്ടവർക്കു താമസമൊരുക്കുന്നതിനു വേണ്ടിയുള്ള ടി പദ്ധതി പ്രകാരം വാടകക്കാരെ തെരെഞ്ഞെടുക്കുമ്പോൾ 20 ശതമാനം ചെയർമാൻ ക്വാട്ടയും ബാക്കിയുള്ള 80 ശതമാനം യൂണിറ്റുകൾ ലോക്കൽ പത്രങ്ങൾ, തെരെഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിലെ നോട്ടീസ് ബോർഡുകൾ എന്നിവയിൽ പരസ്യപ്പെടുത്തിയാണ് അപേക്ഷകൾ സ്വീകരിക്കുന്നത്. ഗുണഭോക്താക്കൾ ഇന്ത്യൻ പൗരനും കേരളത്തിൽ താമസിക്കുന്ന വ്യക്തിയുമായിരിക്കണം. ചെയർമാൻ ക്വാട്ട ഒഴികെയുള്ള ഗുണഭോക്താക്കൾ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായിരിക്കണം. 33 ശതമാനം ഒറ്റപ്പെട്ടവർ, വിധവകൾ, അനാഥർ വേർപിരിഞ്ഞ/ വിവാഹ മോചനം നേടിയവർ എന്നീ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കുന്നു. അപേക്ഷകരുടെ ലിസ്റ്റ് തയ്യാറാക്കി അലോട്ട്മെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. അപേക്ഷാർത്ഥികളുടെ എണ്ണം ഒഴിവുള്ള യൂണിറ്റുകളേക്കാൾ കൂടുതലായാൽ മുൻകൂട്ടി സമയവും സ്ഥലവും നിശ്ചയിച്ച് അലോട്ട്മെന്റ് കമ്മിറ്റി ഗണഭോക്താക്കളെ നറുക്കെടുക്കുന്നതായിരിക്കും. ചെയർമാൻ ക്വാട്ടയിലെ ഗുണഭോക്താക്കൾ കേരള സർക്കാരിന്റേയോ ബോർഡിന്റേയോ

കരാർ ജീവനക്കാരും സ്ഥിരം ജീവനക്കാരും ഉൾപ്പെടെയുള്ള ഡ്രൈവർമാർ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, വാച്ചർമാർ, ലിഫ്റ്റ് ഓപ്പറേറ്റർമാർ, ബോർഡ് തീരുമാനിക്കുന്ന മറ്റ് വിഭാഗങ്ങളിൽപ്പെട്ടവർ എന്നിവരാണ്. ഇവരുടെ ആകെ ശമ്പളം 25,000/- രൂപയിൽ കുറവാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. മാസവാടക നിരക്കിലാണ് അലോട്ട്മെന്റ് നടത്തുന്നത്. 33 മാസക്കാലമാണ് താമസത്തിനു നൽകുന്ന പരമാവധി കാലാവധി. അലോട്ട്മെന്റ് കമ്മിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

1. ചെയർമാൻ/സെക്രട്ടറി, കെ.എസ്.എച്ച്.ബി - പ്രസിഡന്റ്
2. ബന്ധപ്പെട്ട ഡിവിഷന്റെ (ബോർഡ്) എക്സി.എഞ്ചിനീയർ - കൺവീനർ
3. പദ്ധതി പ്രദേശം ഉൾപ്പെടുന്ന ലോക്കൽ ബോഡി വാർഡ് മെമ്പർ
4. ജില്ലാ കളക്ടർ നിശ്ചയിക്കുന്ന ജില്ലാ കളക്ടറുടെ പ്രതിനിധി
5. ജില്ലാ ലേബർ ഓഫീസർ നിശ്ചയിക്കുന്ന ലേബർ വകുപ്പിന്റെ പ്രതിനിധി

ഭൂ-ഭവന രഹിതരായ ദുർബല വിഭാഗക്കാരായ വ്യക്തികളുടെ വിവര ശേഖരണത്തിനായി കേരളത്തിലെ പതിനാല് ജില്ലകളിലും പ്രചാരത്തിലുള്ള 3 മലയാള ദിനപത്രങ്ങളിലെങ്കിലും വ്യാപകമായ പരസ്യ പ്രചാരണം നടത്തി ഒരു ജില്ലാതല ഡാറ്റാ ബാങ്ക് രൂപീകരിക്കുന്നതാണ്. ഇതിന് നൂറു രൂപാ വീതം രജിസ്ട്രേഷൻ ഫീസ് ഗുണഭോക്താവ് ഒടുക്കേണ്ടതാണ്.

ടി ഡാറ്റാ ബാങ്കിൽ നിന്നും പദ്ധതിയ്ക്ക് വേണ്ടി നടപ്പിലാക്കുന്ന പ്രദേശമുൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ

ഗുണഭോക്താക്കൾക്ക് മുൻഗണന നൽകി അപേക്ഷ വാങ്ങി (അപേക്ഷ ഫാറം ഫീസ് 10 രൂപ) യുക്തമായ നടപടി ക്രമത്തിലൂടെ ഗുണഭോക്താവിനെ Beneficiary Selection Committee തെരെഞ്ഞെടുക്കുന്നതാണ്.

Subha

സെക്ഷൻ ഓഫീസർ